# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :1273. — 12.03.2015 -ൽ മറുപടിയ്ക്ക്

### വാഹന ഇന്ധന പമ്പുകളിൽ നിന്ന് ബില്ല്

ചോദ്യം
ശ്രീ. എൻ. ഷംസുദ്ദീൻ.

ഉത്തരം
ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിവിൽ സപ്ലൈസിന്റേതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ഉപഭോക്താവിന് ബില്ല് നൽകാറില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതു വ്യവസ്ഥ പ്രകാരമാണ് ബില്ല് നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) & (ബി) | സിവിൽ സപ്ലൈസിന്റേതുൾപ്പെടെയുള്ള വാഹന ഇന്ധന പമ്പുകളിൽ ആവശ്യപ്പെടുന്ന എല്ലാ ഉപഭോക്താക്കൾക്കും ബില്ല് നൽകാറുണ്ട്. ബില്ല് കിട്ടുന്നില്ല എന്ന പരാതി ലഭിച്ചാൽ ഉടൻ തന്നെ ഡീലർമാരുമായി ബന്ധപ്പെട്ട് പരാതി പരിഹരിക്കാറുണ്ട്. ആധുനിക ഡിസ്പെൻസിംഗ് യൂണിറ്റുകളിൽ ഓട്ടോമാറ്റിക്കായി തന്നെ ബില്ല് തയ്യാറാവുന്ന സംവിധാനം നിലവിലുണ്ട്. |
| (ബി) | പണം നൽകി ഇന്ധനം വാങ്ങുന്ന ഉപഭോക്താവിന് വാഹന നമ്പർ ഉൾപ്പെടുത്തി ബില്ല് ലഭ്യമാക്കാനുള്ള നിർദ്ദേശം സംസ്ഥാനത്തെ എല്ലാ പമ്പുകൾക്കും അടിയന്തിരമായി നൽകുകയും അതു സംബന്ധിച്ച പരിശോധന കർശനമാക്കുകയും ചെയ്യുമോ? | | |

Beena

സെക്ഷൻ ഓഫീസർ.